## ശ്രദ്ധക്ഷണിക്കൽ

### കർഷക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, കാർഷിക കടാശ്വാസ കമ്മീഷൻ ആനുകൂല്യം അർഹതയുള്ള എല്ലാ കർഷകർക്കും ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു ദിനം കൂടിയാണ് ഇന്ന്. ഞാൻ ഉന്നയിച്ച വിഷയത്തിന്റെ പ്രാധാന്യവും പ്രസക്തിയും ഉൾക്കൊള്ളുന്ന കർഷക കടാശ്വാസ (ഭേദഗതി) ബിൽ ഇന്ന് സഭയിൽ ചർച്ച ചെയ്യപ്പെടുകയാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന രീതിയിൽ ഈ ബില്ല് പാസ്സാക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. സംസ്ഥാനത്ത് ഉടലെടുത്ത രൂക്ഷമായ കാർഷിക പ്രതിസന്ധിയെ തുടർന്ന് സാമ്പത്തികമായി തകർച്ച നേരിടുകയും വായ്പ എടുത്ത കർഷകർക്ക് അവ തിരിച്ചടയ്ക്കാനാവാത്ത അവസ്ഥ നേരിട്ടപ്പോൾ കർഷക കടാശ്വാസം നൽകുന്നതിന്റെ ഭാഗമായിട്ടാണ് 19/03/2007-ൽ കർഷക കടാശ്വാസ കമ്മീഷൻ ആരംഭിച്ചത്. ഇതിൽ അപേക്ഷ നൽകാനുള്ള തീയതി 31/5/2009 വരെയായി നിശ്ചയിക്കപ്പെട്ടിരുന്നു. ഏകദേശം 4,10,549 അപേക്ഷകളാണ് ഈ കാലയളവിൽ കമ്മീഷന് ലഭിച്ചത്. എന്നാൽ കമ്മീഷന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിൽ കഴിഞ്ഞ സർക്കാരിന് വീഴ്ച സംഭവിച്ചിരുന്നു. ഇത് കഴിഞ്ഞ സഭയിൽ ഉന്നയിക്കപ്പെടുകയും ചെയ്തിരുന്നതാണ്. സ്ഥിരംസംവിധാനം ഉണ്ടാക്കുന്നതുവരെ താല്ക്കാലിക സംവിധാനത്തിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക

യാണ് അന്ന് ഉണ്ടായത്. ഇന്നും ആ സംവിധാനം തന്നെയാണ് നിലനിൽക്കുന്നത്. കമ്മീഷന് ലഭിച്ച അപേക്ഷകൾ ഇനിയും പരിഗണിക്കപ്പെടേണ്ടതായി ഏകദേശം 1,47,463 അപേക്ഷകളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഡേറ്റ് എക്സ്റ്റെന്റ് ചെയ്യുന്നതോടുകൂടി കൂടുതൽ അപേക്ഷകൾ ലഭിക്കാൻ പോകുകയാണ്. കർഷക കടാശ്വാസത്തിന് അപേക്ഷിച്ച് വർഷങ്ങളോളം കാത്തിരിക്കുന്നത് ആശ്വാസം ലഭിക്കാത്തതിന് തുല്യമാണ്. ഇതിന്റെ പ്രധാന കാരണം ലഭിക്കുന്ന അപേക്ഷകൾ യഥാസമയം പ്രോസസ് ചെയ്യുന്നതിന് സാധിക്കുന്നില്ല എന്നുള്ളതാണ്. കൂടുതൽ അപേക്ഷകൾ കൂടിവരുമ്പോൾ ഈ സംവിധാനം ശക്തമാക്കിയിട്ടില്ല എന്നുണ്ടെങ്കിൽ പഴയ സ്ഥിതിയിലേയ്ക്ക് തന്നെ കാര്യങ്ങൾ പോകും. കർഷകർക്ക് അവാർഡ് ചെയ്ത തുക പോലും യഥാസമയത്ത് ലഭ്യമാക്കാൻ സാധിക്കാതെ വരുന്നത് ഗൗരവമായി കണക്കാക്കേണ്ട ഒന്നാണ്. അതിനാൽ കമ്മീഷന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആവശ്യമായ ജീവനക്കാരെയും ആയതിന് സഹായകരമായ വിധത്തിലുള്ള മറ്റ് സംവിധാനങ്ങളും സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. സംസ്ഥാനത്ത് നടപ്പാക്കുന്ന കാർഷിക കടാശ്വാസ നടപടികളുടെ ആനുകൂല്യം അർഹതയുള്ള എല്ലാ കർഷകർക്കും വേഗത്തിൽ ലഭ്യമാക്കുന്നതിന് പര്യാപ്തമായ സംവിധാനമുണ്ടാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരുന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇന്നത്തെ ദിവസം കർഷകർക്ക് കടാശ്വാസം ലഭിക്കുന്നതിന് സമയപരിധി നീട്ടികൊടുക്കുന്നതിനുള്ള സുപ്രധാനമായ ദിവസമാണ്. ഇന്ന് നിയമം പാസ്സാ

കുന്നതോടുകൂടി അത്തരത്തിലുള്ള സഹായങ്ങളുമായി കർഷകന് ഗുണകരമായ കാര്യങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കടബാധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായ നിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും പ്രസ്തുത കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിനും ഉചിതമായ നടപടികൾക്ക് ശുപാർശ നൽകുന്നതിനുവേണ്ടിയാണ് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ആക്ട് നിലവിൽ വന്ന തീയതിയായ 18/1/2007-നോ അതിന് മുമ്പോ കർഷകനിൽ നിന്ന് 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘത്തിനോ ലൈസൻസ് പ്രകാരമോ അല്ലാതയോ പണം കടം കൊടുക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളിനോ ലഭിക്കാനുള്ളതും കാർഷിക ആവശ്യത്തിനോ കാർഷികാനുബന്ധ വാണിജ്യ ആവശ്യത്തിനോ എടുത്തിട്ടുള്ള കടങ്ങളാണ് കമ്മീഷൻ കടാശ്വാസത്തിനായി പരിഗണിക്കുന്നത്. 20/2/2009-ലെ ഉത്തരവ് പ്രകാരം കടാശ്വാസം ലഭിക്കുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകാനുള്ള അവസാന തീയതി 31/5/2009 ആയി നിശ്ചയിച്ചിരുന്നു. പ്രസ്തുത സമയപരിധിക്കകം കമ്മീഷന് ലഭിച്ചിട്ടുള്ള 4,10,549 അപേക്ഷകളിൽ 3,08,889 അപേക്ഷകളിന്മേൽ ഇതിനകം കമ്മീഷൻ തീരുമാനമെടുത്തിട്ടുണ്ട്. കമ്മീഷനിൽ കുടിശ്ശികയായ അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കുന്നതിന് കമ്മീഷൻ ആസ്ഥാനത്ത് തുടർച്ചയായ സിറ്റിംഗുകൾ നടത്തുന്നതിനും അർഹതയുള്ള അപേക്ഷകളിൽ നിന്ന് എത്രയും പെട്ടെന്ന് തീരുമാനമെടുക്കു

ന്നതിനുമായി എല്ലാ അപേക്ഷകളിലും ബാങ്ക് സ്റ്റേറ്റുമെന്റ് വരുത്തി കടാശ്വാസത്തിനർഹതയുള്ള അപേക്ഷകൾ തരംതിരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വരുന്ന കടങ്ങൾക്ക് ആക്ടിൽതന്നെ സമയപരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ മേൽപറഞ്ഞ സമയ പരിധി എടുത്തുമാറ്റുകയോ ദീർഘിപ്പിക്കുകയോ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. കടാശ്വാസം ശുപാർശ ചെയ്തുകൊണ്ട് കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ, ഉത്തവ് പ്രകാരമുള്ള കർഷക വിഹിതം അടച്ചു കഴിഞ്ഞാൽ സർക്കാർ വിഹിതം ലഭിക്കാത്ത സാഹചര്യങ്ങളിൽ കർഷകൻ വായ്പയ്ക്കായി ബാങ്കിൽ ഈട് വച്ചെടുക്കുന്ന പ്രമാണം തിരികെ നൽകാത്തതിനാൽ കടാശ്വാസ കമ്മീഷന്റെ ഉത്തരവ് കൊണ്ട് യഥാർത്ഥ പ്രയോജനം ഇല്ലാത്ത അവസ്ഥയുണ്ടായിരുന്നു. 11-09-2012- ലെ ഉത്തരവ് പ്രകാരം കമ്മീഷന്റെ അന്തിമ ഉത്തരവ് പ്രകാരമുള്ള കർഷക വിഹിതം അടയ്ക്കുന്ന കർഷകന് ബാങ്കിൽ ഈടുവച്ചിട്ടുള്ള പ്രമാണം സർക്കാർ വിഹിതം ലഭിക്കുന്നതിനായി കാത്തിരിക്കാതെ തന്നെ നൽകേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിന് 5-2-2011 - ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിനായി മൂന്ന് അഗ്രികൾച്ചറൽ ഓഫീസർമാരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുമുണ്ട്. ഈ ആക്ട് നിലവിൽവന്ന തീയതിയായ 18-01-2007-നോ അതിനുമുമ്പോ ഒരു കർഷകനിൽനിന്ന് സഹകരണ സംഘങ്ങളുടെ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ ആയ സംഘത്തിന് ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളിനോ ലഭിക്കാനുള്ള കടങ്ങൾക്കു

മാത്രമേ ആക്ടിന്റെ നിലവിൽ വ്യവസ്ഥകൾ പ്രകാരം കടത്തിന്റെ സമുജിത നിലവാരം നിശ്ചയിക്കുന്നതിന് കടാശ്വാസം ശുപാർശ ചെയ്യുന്നതിന് കമ്മീഷന് കഴിയുകയുള്ളു. വയനാട് ജില്ലയിൽ കർഷക ആത്മഹത്യകൾ തുടർച്ചയായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ കാർഷിക പ്രതിസന്ധിയെക്കുറിച്ച് പഠിക്കുകയും പഠനറിപ്പോർട്ടിന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും തീരുമാനിക്കുകയും അതനുസരിച്ച് വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്ന് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. എം. വി. ശ്രേയാംസ്കുമാർ</u> : സർ, ഷെഡ്യൂൾഡ് ദേശസാൽകൃത ബാങ്കുകളിൽ നിന്നെടുത്ത കടം വായ്പകൾക്ക് കടാശ്വാസം ലഭിക്കാത്തവയുണ്ട്. ലക്ഷക്കണക്കിന് അപേക്ഷകളാണ് ഈ ഒരു വിവാദത്തിൽപ്പെടുന്നത്. കമ്മീഷനിൽ ലഭിക്കുന്ന ഇത്തരം അപേക്ഷകൾ മാറ്റിവച്ചിരിക്കുകയാണ്. ഈ വിഷയം കേന്ദ്ര സർക്കാർ അതുപോലെതന്നെ 2007 മുതൽ ഏകദേശം 220 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചെങ്കിലും 56 കോടി രൂപയുടെ ആശ്വാസം മാത്രമാണ് നൽകിയത്. അതുകൊണ്ട് ഈ വിഷയം കേന്ദ്രസർക്കാരും റിസർവ്വ് ബാങ്കുമായി ഇടപെട്ട് സമവായത്തിൽ എത്താനുള്ള നടപടി സ്വീകരിക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. കെ. പി. മോഹനൻ</u> : സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. മറ്റ് ബാങ്കുകളിൽ നിന്ന് കടം എടുത്തവർക്ക്

ഇതിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. അതുകൊണ്ട് ദേശസാൽക്കൃത ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക വായ്പകൾക്ക് കടാശ്വാസം അനുവദിക്കാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. എന്നാൽ കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ള ഒരംഗത്തിന് കടാശ്വാസം സംബന്ധിച്ച കാര്യങ്ങളിൽ ബാങ്കുകളുമായി പരസ്പര ധാരണയിൽ കൂടിയാലോചനകൾ നടത്തുവാൻ നിയമം അധികാരപ്പെടുത്തുന്നു. ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കുകൾ കേന്ദ്ര നിയമങ്ങളുടെ പരിധിയിൽ വരുന്നതാണ്. എന്നിരുന്നാലും ദേശസാത്ക്കൃതഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നുള്ള കാർഷിക വായ്പകൾക്കും കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിക്കുന്നതിനായി ആക്ട് ഭേദഗതി ചെയ്യുന്നത് എന്ന വിഷയം പരിശോധിക്കുന്നതാണ്. അതോടൊപ്പം ഇന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് കാർഷിക കടാശ്വാസ കമ്മീഷൻ ഭേദഗതി ബിൽ ഇന്ന് പാസ്സാക്കുന്നതോടുകൂടി കൂടുതൽ ആനുകൂല്യങ്ങൾ ഇത്തരം മേഖലയിൽ കടം എടുത്തവർക്ക് ലഭിക്കുന്നതാണ്.

**സ്വാശ്രയ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ**

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, സംസ്ഥാനത്തെ സ്വാശ്രയ അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ മാനേജുമെന്റുകളുടെ കടുത്ത ചൂഷണത്തിന് ഇരയാവുകയാണ്. ശമ്പളം, അവധി, സീനിയോറിറ്റി മറ്റ് നിയമപരമായ ആനുകൂല്യങ്ങൾ എന്നിവയ്ക്ക് ഒരു വ്യവസ്ഥയും ഇല്ല. ഈ സാഹചര്യത്തിൽ അവർക്കും മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കാനാണ് ഈ നോട്ടിസ് നൽകിയി

രിക്കുന്നത്. ഈ രംഗമെടുത്ത് പരിശോധിച്ചാൽ ജീവനക്കാരുടെ സ്ഥിതി അത്യന്തം ദയനീയവും ദുഖകരവുമാണ്. മാനേജുമെന്റുകളുടെ പരാക്രമമാണെങ്കിൽ അതിക്രൂരവും നിന്ദ്യവുമാണ്. ഇവിടെ നടക്കുന്ന മനുഷ്യത്വരഹിതമായ മാനേജുമെന്റുകളുടെ പ്രവർത്തനം സംബന്ധിച്ചും ജീവനക്കാർക്ക് ന്യായമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്നും വിവിധ സന്ദർഭങ്ങളിൽ കേരള ഹൈക്കോടതിയും സുപ്രീംകോടതിയും വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത് തികഞ്ഞ കച്ചവടരംഗമായി മാറിയിരിക്കുകയാണ്. വമ്പിച്ച ലാഭം ഉണ്ടാക്കുവാൻ മുതൽമുടക്കാവുന്ന ഒരു രംഗമായി ഇതിനെ മാറ്റിയിരിക്കുകയാണ്. ഫീസിനത്തിൽ രക്ഷിതാക്കളിൽനിന്നും വൻതുകകൾ പിഴിഞ്ഞെടുക്കുകയാണ്. അദ്ധ്യാപകർക്ക് നാമമാത്രമായ ശമ്പളം നൽകുകയും ചെയ്യുന്ന മാനേജുമെന്റുകളുടെ പ്രവർത്തനത്തെ തടയാൻ എന്ത് നിയമമാണ് ഇവിടെ ഉള്ളത്. ഇത്തരം സ്ഥാപനങ്ങൾ കേരളത്തിൽ പെരുകിവരികയാണ്. സംസ്ഥാന സർക്കാരിനുവേണ്ടി എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അടുത്തിടെ പ്രസിദ്ധീകരിച്ച പഠനറിപ്പോർട്ടിൽ അദ്ധ്യാപക ചൂഷണത്തിന്റെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണുള്ളത്. 2646 അനംഗീകൃത സ്കൂളുകളിൽനിന്ന് പഠനത്തിനായി വിവരശേഖരണം നടത്തി. ചൂഷണത്തിന് വിധേയരാകുന്നവർ മഹാഭൂരിപക്ഷവും സ്ത്രീകളാണ്. ബിരുദധാരികളും ബിരുധാനന്തര ബിരുദധാരികളും ഉൾപ്പെടെയുള്ള ഈ വിഭാഗം, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയുടെ രൂക്ഷത കൊണ്ടാണ് ഇവിടെ നിൽക്കാൻ നിർബന്ധിതരായിരിക്കുന്നത്. ആരെങ്കിലും ശമ്പളത്തെക്കുറിച്ച് ചോദിച്ചാൽ പറയുവാൻ പറ്റാത്തവിധം തുച്ഛമായ സംഖ്യയ്ക്ക് എത്ര കാലവും ജോലി ചെയ്യേണ്ട സ്ഥിതിയാണ് ഇവരെ സംന്ധിച്ചിടത്തോളമുള്ളത്. കേരളത്തിലെ സെൽഫ്

ഫിനാൻസ് കോളേജുകളുടെയും അൺഎയ്ഡഡ് സ്കൂളുകളുടെയും പെതു സ്ഥിതിയാണ് ഇത്. സിബി.എസ്.ഇ., ഐ.സി.എസ്.ഇ. അടക്കം ആയിരക്കണെക്കായ സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു. ലക്ഷത്തിൽപ്പരം പേർ തൊഴിലെടുക്കുന്നു. ഈ ചൂഷണം അവസാനിപ്പിക്കുവാൻ ഹൈക്കോടതിയും സുപ്രീംകോടതിയും വിധി പ്രഖ്യാപിച്ചിട്ടും നടക്കാത്ത സ്ഥിതിയാണ്. 2009-ൽ ഹൈക്കോടതി ഉത്തരവ് നൽകി നമ്മുടെ കേരളത്തിലെ സിലബസനുസരിച്ച് പഠിപ്പിക്കുന്ന സ്കൂളുകളിലെ പ്രൈമറി ടീച്ചർക്ക് ഏറ്റവും കുറഞ്ഞത് അയ്യായിരം രൂപയും ഹൈസ്കൂളുകളിലെ ടീച്ചർമാർക്ക് ഏഴായിരം രൂപയും ഹയർ സെക്കന്ററിയിൽ ഒമ്പതിനായിരവും രൂപയെങ്കിലും നൽകണമെന്നാണ്. 2012-ൽ സുപ്രീംകോടതി വിധിയിൽ സി.ബി.എസ്.ഇ. അദ്ധ്യാപകർക്ക് പ്രൈമറിയിൽ 10,000-വും ഹൈസ്കൂളുകളിൽ 15,000 വും ഹയർ സെക്കന്ററിയിൽ 20,000 രൂപയെങ്കിലും നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. അദ്ധ്യാപകർക്ക് കൃത്യമായി ശമ്പള ഘടന നിർണ്ണയിച്ച് തീരുമാനം നടപ്പിലാക്കണമെന്നും ഏതുവരേയ്ക്കാണ് ഈ ശമ്പള നിരക്ക് എന്നും കോടതി ചൂണ്ടികാണിച്ചിട്ടുണ്ട്. എന്ത് വിധി ഉണ്ടായിട്ടും സ്ഥിതി പഴയ രീതിയിൽ തുടരുകയാണ്. ആയിരം രൂപ മാത്രം ലഭിക്കുന്നവർപോലും ഇപ്പോഴും ഈ രംഗത്ത് ജോലി ചെയ്യുന്നുണ്ട്. 25 വർഷമായി ജോലി ചെയ്ത് വരുന്നവർക്ക് 5000 രൂപ പോലും ലഭിക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഇവിടെ സീനിയോറിറ്റിക്ക് യാതൊരു പരിഗണനയുമില്ല. പല മറിമായങ്ങളും മാനേജുമെന്റുകൾ കാണിച്ചുകൊണ്ടിരിക്കുകയാണ്. വൗച്ചറിർ കാണിക്കുന്ന സംഖ്യ ശമ്പളമായി നൽകുന്നില്ല. മറിച്ച് മാനേജുമെന്റിന് ഇഷ്ടമുള്ള സംഖ്യമാത്രമാണ് നൽകിവരുന്നത്. ബാങ്ക് വഴി ശമ്പളം നൽകുന്നു എന്ന് അവകാശപ്പെടുന്ന മാനേജുമെ

ന്റുകൾ അതിലും വലിയ തട്ടിപ്പുകളാണ് നടത്തുന്നത്. ചെക്ക്കൊണ്ടുള്ള കളിയാണിത്. അവർക്ക് നൽകുന്ന സംഖ്യ ബാങ്കിൽ ഇടുകയും നേരത്തെ തന്നെ ബന്ധപ്പെട്ട അദ്ധ്യാപകരിൽ നിന്ന് ചെക്ക് വാങ്ങി വയ്ക്കുകയും അത് മാനേജുമെന്റുകൾ ഡ്രോ ചെയ്യുകയും ചെയ്യുന്ന സ്ഥിതി നിലനിൽക്കുകയാണ്. നിക്ഷേപിക്കുന്ന സംഖ്യ അവരങ്ങനെ തിരിച്ചെടുക്കുന്നു. വിദ്യാഭ്യാസ രംഗത്ത് ഇതൊരു കലയായി തുടരുകയാണ്. ഒരിക്കലും ഇവിടെ ജോലി ഭാരമോ സീനിയോറിറ്റിയോ പരിഗണിക്കാറില്ല. എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാമെന്ന ഭീതിയിൽ എല്ലാം അനുഭവിക്കേണ്ടിവരികയാണ് ഇവിടുത്തെ ജീവനക്കാർ .പി.എഫ്, ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്കെല്ലാം അർഹത ഉണ്ടെങ്കിലും ഒന്നുംതന്നെ ഇവിടെ ലഭിക്കുന്നില്ല എന്നതാണ് സ്ഥിതി. 1957-ലെ ആദ്യ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വിദ്യാഭ്യാസമന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, വിദ്യാഭ്യാസ ബിൽ കൊണ്ടുവരുന്നതുവരെ എയ്ഡഡ് സ്കൂൾ അധ്യാപകർ അടിമപണി ചെയ്തതിന് സമാനമോ അധിലധികം ദയനീയമോ ആണ് ഈ വിഭാഗത്തിലെ അദ്ധ്യാപകർ. അദ്ധ്യാപകേതര ജീവനക്കാരുടെ സ്ഥിതിയും വ്യത്യസ്ഥമല്ല. ഈ ദുസ്ഥിതി പരിഹരിക്കുവാൻ കേരളം പോലൊരു സംസ്ഥാനത്തിന് കഴിയാതെ വരുന്നത് പരിഷ്കൃത സമൂഹത്തിനും സർക്കാരിനും നാണക്കേടാണ്. എത്രയും പെട്ടെന്ന് ഈ കാര്യത്തിലാവശ്യമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതൊരു മനുഷ്യാവകാശ ലംഘനംകൂടിയാണ്. വിവിധ മതസാമുദായിക സംഘടനകളുടെ നേതൃത്വത്തിലുള്ള മാനേജുമെന്റുകളെ ഭയന്നാണ് ഗവൺമെന്റ് ഇക്കാര്യത്തിലൊരു തീരുമാനം എടുക്കാത്തതെന്ന സംശയവും നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ അടിയന്തിരമായും അതിനാവശ്യമായ നടപടികൾ

സ്വീകരിക്കുവാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്.

**സ്വാശ്രയ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്**

**മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) സർ, കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖലയിലും ഉന്നത വിദ്യാഭ്യാസ മേഖലയിലുമായി നിരവധി അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെമേൽ സർക്കാരിന് പൂർണ്ണമായ നിയന്ത്രണാധികാരങ്ങൾ ഇല്ലെങ്കിലും സേവനം അനുഷ്ഠിച്ചുവരുന്ന അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ സേവനവേതന സംബന്ധമായ കാര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അവർ ചൂഷണം ചെയ്യപ്പെടാതിരിക്കാനുമുള്ള മുൻകരുതലുകൾ കാലാകാലങ്ങളിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലും പ്രവർത്തിച്ചു വരുന്ന സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സിലബസ്സുള്ള സ്കൂളുകളിൽ ധാരാളം അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഈ സ്ഥപാനങ്ങളിൽ അദ്ധ്യ്യാപക അനദ്ധ്യാപക ജീവനക്കാരെ നിയമിക്കുന്നത് ബന്ധപ്പെട്ട മാനേജുമെന്റുകളാണ്. ഇവയ്ക്ക് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ആപ്ലിക്കേഷൻ ലഭിക്കുന്നതിന്റെ മുന്നോടിയായിട്ടുള്ള സംസ്ഥാനസർക്കാരിന്റെ എൻ.ഒ.സി.-ക്കുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അപേക്ഷ സമർപ്പിക്കുമ്പോൾ പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങൾ 7-10-2011-ലെ ജി. ഒ.(എം.എസ്)നം.202/11/ പൊതുവിദ്യാഭ്യാസ വകുപ്പ് എന്ന പുതുക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ളവയാണ്. ഈ ഉത്തരവിലെ ക്ലോസ്-3 അദ്ധ്യാപകരുടെയും മറ്റ് സ്റ്റാഫുകളു

ടെയും സേവനവേതന വ്യവസ്ഥകളെപ്പറ്റിയുള്ളതാണ്. ഇതു പ്രകാരം കെ.ഇ.ആർ. അനുസരിച്ച് യോഗ്യരായവരെമാത്രമേ മാനേജുമെന്റ് നിയമിക്കാൻ പാടുള്ളൂ. അവർക്ക് ഗവൺമെന്റ് സ്കൂളുകളിലെ ജീവനക്കാർക്ക് ലഭിക്കുന്ന അത്രയും ശമ്പളം നൽകണമെന്ന വ്യവസ്ഥയുമുണ്ട്. കൂടാതെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 14-(എ)-യിലും ഇതു സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ നിലനിൽക്കുന്നുണ്ട്. പുതുക്കിയ ഗൈഡ്‌ലൈനിലെ ക്ലോസ് 8 പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഇതുസംബന്ധിച്ച പരാതി ലഭിച്ചാൽ അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സ്കൂളുകളുടെ എൻ.ഒ.സി. റദ്ദാക്കുന്നതിനും സർക്കാരിന് അധികാരമുണ്ട്. കൂടാതെ 14-02-2011 -ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 36/11 പൊ.വി.വ. പ്രകാരം അൺ-എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ട്. വിവിധ മേഖലകളിലായി ഏകദേശം ആയിരത്തോളം സ്വാശ്രയ കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. എ.ഐ.സി.റ്റി.ഇയുടെ അംഗീകാരമുള്ള കോളേജുകളിൽ അധ്യാപകരുൾപ്പെടെയുള്ള അക്കാദമിക് സ്റ്റാഫിന്റെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് എ.ഐ.സി.റ്റി.ഇ. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. യു.ജി.സി, എ.ഐ.സി.റ്റി.ഇ, ഫാർമസി കൗൺസിൽ തുടങ്ങിയ കേന്ദ്ര റെഗുലേറ്ററി സ്ഥാപനങ്ങൾ സേവന വ്യവസ്ഥകൾ നിശ്ചയിച്ചുണ്ടെങ്കിലും തങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് നിരവധി പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ പഠന നിലവാരം താഴുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ഈയിടെ പരാമർശം

നടത്തിയിരുന്നു. യോഗ്യരായ അധ്യാപകരുടെ അഭാവമാണ് സ്വാശ്രയ കോളേജുകളുടെ നിലവാര തകർച്ചയ്ക്കുള്ള പ്രധാന കാരണമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വകലാശാലാ നിയമപ്രകാരം അൺ -എയ്ഡഡ് കോളേജുകളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ ഏതെങ്കിലും ഒരു സർവ്വകലാശാല വൈസ് ചാൻസലർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എന്നിവരടങ്ങുന്ന കമ്മിറ്റിക്കാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപക-അനധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥയ്ക്ക് നിയതമായ മാനദണ്ഡങ്ങളില്ല. അതിനാൽ ഈ വിഷയം പഠിക്കാനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കാനും ഒരു കമ്മിറ്റി രൂപീകരിക്കുമെന്ന് നിയമസഭാതലത്തിൽ ഉറപ്പുനൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന ഡോ. രാജൻ കുരുക്കൾ ചെയർമാനും കോളേജ് വിഭ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ സെക്രട്ടറി എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കേരള സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന ഡോ. എ. ജയകൃഷ്ണൻ അദ്ധ്യക്ഷനായി ഈ കമ്മിറ്റി പിന്നീട് പുനഃസംഘടിപ്പിക്കുകയുണ്ടായി. ഈ സമിതിയുടെ യോഗം ഇതുസംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തുകയുണ്ടായി. കൂടാതെ സ്വാശ്രയ എഞ്ചിനീയറിംഗ്, ആർട്ട്സ് ആന്റ് സയൻസ്, ബി.എഡ്, എം.എഡ്,

ബി.ബി.എ, എം.ബി.എ, ബി.സി.എ, എം.സി.എ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ പ്രതിനിധികളുമായി കമ്മിറ്റി ചർച്ച നടത്തുകയുണ്ടായി. കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടില്ല. കമ്മിറ്റി ചെയർമാനായിരുന്ന കേരള സർവ്വകലാശാല വൈസ് ചാൻസലർ ഡോ.എ. ജയകൃഷ്ണൻ വിരമിച്ചതിനാൽ പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സമഗ്ര പഠനം നടത്തി ഒരു റിപ്പോർട്ട് കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിയതായി ഞാൻ മനസ്സിലാക്കുന്നു. ഇതിന്റെ വെളിച്ചത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികളെയടക്കം ഉൾപ്പെടുത്തി ചർച്ചചെയ്യാനും വരുന്ന നിയമസഭാ സമ്മേളന കാലയളവിലെങ്കിലും ഒരു നിയമനിർമ്മാണം നടത്താനും ആവശ്യമായ നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പറഞ്ഞല്ലോ .......................

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കോൺഗ്രസ് നേതാവും എം.പി-യുമായ ശ്രീ. പി.റ്റി. തോമസ് പാർലമെന്റിൽ ഉന്നയിച്ച ചോദ്യത്തിന് സി.ബി.എസ്.ഇ അധ്യാപകർക്ക് ഗവൺമെന്റ് സ്കൂളിലെ അധ്യാപകർക്ക് നൽകുന്നതിന് തുല്യമായ ശമ്പളം സി.ബി.എസ്.ഇ സ്കൂളുകൾ നൽകിയില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് നൽകണമെന്ന് കേന്ദ്രമന്ത്രി ശ്രീ. ശശി തരൂർ, പാർലമെന്റിൽ നൽകിയ ഉത്തരം 20-ാം തീയതിയിലെ മാതൃഭൂമി പത്രത്തിൽ വന്ന വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. പി.കെ. അബ്ദു റബ്ബ്: പത്രവാർത്ത ഞാൻ കണ്ടില്ല. ഏതായാലും സി.ബി.എസ്.ഇ സ്കൂളുകളിലെ അധ്യാപകർക്ക് ശമ്പളം നൽകാനുള്ള ബാധ്യത സർക്കാരിനില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം- ഞാൻ നേരത്തെ പറഞ്ഞു, ഒരു കമ്മിറ്റി രൂപീകരിച്ചു, അതിന്റെ ഒന്നുരണ്ട് ഘട്ടങ്ങളിലായി ചർച്ചകൾ നടന്നിട്ടുണ്ട് . തീർച്ചയായും ആ കമ്മിറ്റി റിപ്പോർട്ട് വരുന്ന മുറയ്ക്ക് കൂടുതൽ ചർച്ച ആവശ്യമാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിലുള്ള സംവിധാനങ്ങൾ ആലോചിക്കുന്നതാണ്.